# പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 1206 — 05-03-2020 -ൽ മറുപടിക്ക്

### പ്രളയബാധിതർക്കുള്ള നഷ്ട പരിഹാരതുക

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള | | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | മലപ്പുറം നിയോജകമണ്ഡലത്തിൽ പ്രളയബാധിതർക്കുള്ള നഷ്ടപരിഹാര തുക ഇനിയും ലഭിച്ചിട്ടില്ലെന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ധനസഹായ വിതരണം പുരോഗമിച്ചു വരികയാണ്. അപാകതകൾ ഉള്ള കേസുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| ബി) | മലപ്പുറം, ആനക്കയം, പന്തല്ലൂർ, പുൽപ്പറ്റ, മൊറയൂർ, പൂക്കോട്ടൂർ, പാണക്കാട്, മേൽമുറി കോഡൂർ എന്നീ വില്ലേജുകളിൽ എത്ര പേർ വിവിധ പ്രളയ ദുരിതാശ്വാസ ധനസഹായത്തിന് അപേക്ഷ നൽകി എന്നും എത്രപേർക്ക് ധനസഹായം വിതരണം ചെയ്തു എന്നും വ്യക്തമാക്കാമോ; | ബി) | വിവരം ചുവടെ ചേർക്കുന്നു. |

| വില്ലേജ് | സർവ്വെ പൂർത്തിയായത് | വെരിഫൈ ചെയ്തത് | ലാന്റ് റവന്യൂ കമ്മീഷണർ അപ്രൂവ് ചെയ്തത് | withheld |
|---|---|---|---|---|
| മലപ്പുറം പാണക്കാട് | 2179 | 2179 | 1852 | 224 |
| ആനക്കയം പന്തല്ലൂർ | 334 | 334 | 292 | 31 |
| പുൽപ്പറ്റ | 29 | 29 | 29 | 0 |
| മൊറയൂർ | 35 | 35 | 31 | 1 |
| കോഡൂർ | 693 | 693 | 661 | 26 |

| | | | |
|---|---|---|---|
| സി) | മലപ്പുറം വില്ലേജിലെ താമരക്കുഴി, ചെമ്മങ്കടവ്, മൈലപ്പുറം, കണ്ണത്തുപാറ പ്രദേശങ്ങളിൽ പ്രളയ ദുരിതബാധിതർക്ക് അടിയന്തര ധനസഹായമായ പതിനായിരം രൂപ ലഭിച്ചിട്ടില്ലെന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് വിതരണം ചെയ്യുവാൻ സത്വര നടപടി സ്വീകരിക്കുമോ? | സി) | സാങ്കേതിക പിഴവുകൾ ഇല്ലാത്ത എല്ലാ കേസുകളിലും ധനസഹായം അനുവദിച്ചിട്ടുണ്ട്. അപാകതകൾ ഉള്ള കേസുകളിൽ ആയത് പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ